2. 23.04 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ചുള്ളിക്കോട് നിർമ്മിക്കുന്ന ഭൂതല സംഭരണിയുടെ പ്രവൃത്തി പൂർത്തീകരിച്ചു.

3. 900 മി.മി. വ്യാസമുള്ള കാസ്റ്റ് അയേൺ പമ്പിംഗ് മെയിൻ പ്രവൃത്തി അവാർഡ് ചെയ്തിട്ടുണ്ട്.

4. 53 എം.എൽ.ഡി. ശേഷിയുള്ള ശുദ്ധീകരണ ശാലയുടെ പണി റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇതിന്റെ ടെണ്ടറിന് അനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രസ്തുത പദ്ധതിയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പദ്ധതികൾ

75 [232] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്;

(ബി) എന്തെല്ലാം പദ്ധതികളാണ് പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) പുതിയ പദ്ധതികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും, ആരംഭിച്ചത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഓരോ പദ്ധതിക്കും എന്ത് തുക ചെലവാകും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസറഗോഡ് മുനിസിപ്പൽ ശുദ്ധജല വിതരണ പദ്ധതിയിലൂടെയും 107 ചെറുകിട ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളിലൂടെയും ജില്ലയിലെ ശുദ്ധ ജല വിതരണം കേരളാ വാട്ടർ അതോറിറ്റി നടത്തി വരുന്നു. കൂടാതെ രാജീവ്ഗാന്ധി ദേശീയ കുടിവെള്ളമിഷന്റെ സെക്ടർ നിഫോംസ് കുടിവെള്ള പദ്ധതി 17 ഗ്രാമപഞ്ചായത്തുകളിൽ ജില്ലാപഞ്ചായത്തുവഴി നടപ്പിലാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരള വാട്ടർ അതോറിറ്റി താഴെപ്പറയുന്ന പദ്ധതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

1. മേലടുക്കം എസ്.സി.കോളനി-വെസ്റ്റ് എളേരി.
2. കാമനവയൽ എസ്.സി. കോളനി-പുത്തിഗെ.
3. കല്ലക്കട്ട എസ്.സി. കോളനി-ചെങ്കള.

കൂടാതെ പുതുതായി 140 ചെറുകിട ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ സെക്ടർ റിഫോംസ് പദ്ധതിയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി ആന്റ് ഡി) കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. †

സെക്ടർ റിഫോംസ് പദ്ധതിയിൻ കീഴിൽ പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന 140 പദ്ധതികൾ സെക്ടർ റിഫോംസ് പദ്ധതികളുടെ തുടർച്ചയായി സുജൽധാര II പദ്ധതിയിൽ ഉൾപ്പെടുത്തി 2004 ഏപ്രിൽ 1 മുതൽ ആരംഭിക്കുന്നതാണ്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞ 340 പദ്ധതികളിൽ 140 പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ളവ നിർമ്മാണത്തിന്റെ അവസാനഘട്ടത്തിലാണ്. 2004 മാർച്ച് 31-നകം 340 പദ്ധതികളും പ്രവർത്തനക്ഷമമാകും.

കുഴൽമന്ദം മണ്ഡലത്തിന്റെ കുടിവെള്ളപ്രശ്നം പരിഹരിക്കാൻ പദ്ധതികൾ

76 [233] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽമന്ദം മണ്ഡലത്തിന്റെ കുടിവെള്ളപ്രശ്നം പരിഹരിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) നിലവിൽ ഏതെല്ലാം പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്;

(സി) ഏതെല്ലാം പദ്ധതികളുടെ വിശദമായ എൻജിനീയറിംഗ് റിപ്പോർട്ടാണ് ഇനി ലഭിക്കാനുള്ളത്;

(ഡി) സംസ്ഥാന സർക്കാരിന്റേയും മറ്റു വിവിധ ഏജൻസികളുടേയും സഹായത്തോടെ ഏതെല്ലാം പദ്ധതികളാണ് മണ്ഡലത്തിൽ നടത്തിക്കൊണ്ടിരിക്കുന്നത്;

(ഇ) നിലവിൽ പൂർത്തീകരിക്കാനുള്ള ജലസേചന പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly